# എമയുടെ ഓർമകളെ കളറാക്കി ആ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം

മനോരമ ലേഖകൻ

JULY 08, 2019 06:40 AM IST

പൊന്നാനി ● സഹോദരി എമയോടുള്ള അനിയത്തി സാനിയയുടെ സ്നേഹത്തിന്റെ പ്രതീകമായിരുന്നു ആ കുടുംബചിത്രം. 65 വർഷങ്ങൾക്കു ശേഷം ആ കുടുംബചിത്രം ഇന്തൊനീഷ്യയിൽനിന്ന് കടൽ കടന്ന് പൊന്നാനിയിലെ എമയുടെ കൈകളിലെത്തി. 1954 ൽ ഇന്തൊനീഷ്യയിൽ നിന്ന് ഭർത്താവിന്റെ നാടായ പൊന്നാനിയിലേക്കു തിരിച്ചതാണ് എമ. ഇന്തൊനീഷ്യയിലെ ബാലിപ്പാനിലായിരുന്നു ഇവരുടെ വീട്.

കടലിനക്കരെയുള്ള നാട്ടിലേക്കു പോയ എമയെ ഓർക്കാൻ അനിയത്തി സാനിയയുടെ കയ്യിലുണ്ടായിരുന്ന ഏക വസ്തുവായിരുന്നു ആ കുടുംബ ചിത്രം. അതുകൊണ്ടു തന്നെ ബാലിപ്പാനിലെ വീട്ടിലെ പഴയ അലമാരയിൽ സാനിയ അതു പൊന്നുപോലെ സൂക്ഷിച്ചു വച്ചു.  ഈ കുടുംബചിത്രമാണ് പതിറ്റാണ്ടുകൾക്കു ശേഷം എമയുടെ കൈകളിലെത്തിയത്. പക്ഷേ, മറ്റൊരു ദുഃഖവാർത്ത കൂടി ഒപ്പമുണ്ടായിരുന്നു.

ആ കുടുംബചിത്രവും ഒളിമങ്ങാത്ത സ്നേഹവും ബാക്കിയാക്കി വർഷങ്ങൾക്കു മുൻപേ അനിയത്തി സാനിയ ഈ ലോകം വിട്ടുപോയെന്ന വിവരം.  എമയുടെ പേരമകൻ ഷാജഹാൻ വല്യുമ്മയുടെ ഇന്തൊനീഷ്യയിലെ ബന്ധുക്കളെ കണ്ടെത്താൻ നടത്തിയ ശ്രമമാണ് വിജയത്തിലെത്തിയത്. സമൂഹ മാധ്യമത്തിലൂടെയാണ് ഇവരെ കണ്ടെത്തിയത്. അന്വേഷിച്ചന്വേഷിച്ച് ഷാജഹാൻ ഒടുവിൽ എമയുടെ അനിയത്തി സാനിയയുടെ മക്കളിലേക്കുമെത്തി.

എല്ലാവരും എമയുമായി ഫോണിൽ സംസാരിച്ചു.  സാനിയയുടെ മക്കൾ ഉമ്മയുടെ പഴയ അലമാര തപ്പിനോക്കിയപ്പോഴാണ് പൊന്നുപോലെ സൂക്ഷിച്ചിരുന്ന എമയുടെ കുടുംബ ചിത്രം കിട്ടിയത്. പൊന്നാനിയിലേക്ക് യാത്ര തിരിക്കുന്നതിനു മുൻപ് അവിടത്തെ സ്റ്റുഡിയോയിൽ വച്ച് എമയും ഭർത്താവ് മൊയ്തുവും 3 കുട്ടികളും ചേർന്ന് എടുത്തതായിരുന്നു ആ ചിത്രം. സാനിയയുടെ മക്കൾ അത് പൊന്നാനിയിലേക്ക് അയച്ചുകൊടുക്കുകയായിരുന്നു.

19 വയസ്സുള്ളപ്പോഴാണ് മൊയ്തുവിനൊപ്പം എമ പൊന്നാനിയിലേക്ക് വരുന്നത്. ഇപ്പോൾ 84 വയസ്സുണ്ട്. മൊയ്തു ഇന്ന് ജീവിച്ചിരിപ്പില്ല. ഭർത്താവിനൊപ്പം യാത്ര പുറപ്പെടുമ്പോൾ 2 ബസ് നിറയെ ബന്ധുക്കൾ എയർപോർട്ടിലെത്തിയിരുന്നു. മദ്രാസിൽ (ചെന്നൈ) വന്നിറങ്ങിയ ഇവർ കെട്ടുവള്ളത്തിലാണ് പൊന്നാനിയിലേക്ക് എത്തിയത്. 2 ദിവസമെടുത്തു മദ്രാസിൽ നിന്ന് പൊന്നാനിയിലെത്താൻ. ഇന്നും ഇന്തൊനീഷ്യയിലെ പഴയ കാര്യങ്ങൾ ഓർത്താൽ എമയുടെ കണ്ണുനിറയും.